(5) ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

2016 ഒക്ടോബർ 19-ാം തീയതി വ്യക്തിപരമായ വിശദീകരണത്തിനുശേഷം 26.09.2016-ന് സമർപ്പിച്ച ഒരു ചോദ്യത്തിന് ഇതുവരെയും ഉത്തരം ലഭിച്ചിട്ടില്ലെന്നും എന്നാൽ വിവരാവകാശ നിയമപ്രകാരം മറ്റുള്ളവർക്ക് ലഭിക്കുകയുണ്ടായെന്നും ഇത് നിയമസഭയോടുള്ള അവഹേളനവും അംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നതുമാണെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് 'വിവരം ശേഖരിച്ചു വരുന്നു' എന്ന മറുപടി നൽകിയാൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അത് മേശപ്പുറത്ത് വയ്ക്കുകയോ ലൈബ്രറിയിൽ ലഭ്യമാക്കുകയോ ചെയ്യാറുണ്ടെന്നും അംഗങ്ങൾ ചോദിക്കുന്ന പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്നില്ലെന്ന പരാതിയുണ്ടെന്നും ഇത് 'സപ്രഷൻ ഓഫ് ഫാക്ട്സ്' ആയി തോന്നുകയാണെന്നും പ്രസ്തുത വിഷയം ചെയർ പരിശോധിക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിച്ചില്ലെങ്കിൽ അപ്പീൽ നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പിഴയടയ്ക്കേണ്ടിവരും എന്നതുകൊണ്ടാണ് വിവരാവകാശം അനുസരിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതെന്നും അംഗങ്ങളുടെ അവകാശം സംരക്ഷിക്കാൻ നടപടിയുണ്ടാകണമെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകാമെന്നും പ്രതിപക്ഷത്തെ മറ്റൊരംഗവും ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ചട്ടപ്രകാരമുള്ള അവകാശം അംഗങ്ങൾക്ക് നിഷേധിക്കപ്പെട്ടാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമസഭാ സാമാജികർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്ത വിഷയം നേരത്തേയും ചർച്ച ചെയ്തതാണ്. ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് റൂൾ ചെയ്യുന്നു"

---

* XIV KLA/II Session Vol.163 Report No. 11 dated 19-10-2016